(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സമൂഹത്തിലെ ഓരോ വ്യക്തിയുടേയും സുരക്ഷയും അന്തസ്സും ഉറപ്പാക്കിക്കൊണ്ട് പ്രത്യേകിച്ച് നിർദ്ധനരും നിരാലംബരുമായ ജന വിഭാഗങ്ങൾക്കും, വനിതകൾക്കും, കുട്ടികൾക്കും നീതിയും ന്യായവും ലഭ്യ മാക്കി അവരിൽ സുരക്ഷിതത്വബോധം ഉറപ്പാക്കുകയാണ് പോലീസ് പ്രവർത്തനങ്ങളുടെ ലക്ഷ്യം. പോലീസ് പ്രവർത്തനശൈലി കുറ്റമറ്റതാക്കുന്ന തിനുവേണ്ടി മുഖ്യമന്ത്രി നൽകിയിട്ടുള്ള 10 നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തി ക്കൊണ്ടിരിക്കുന്നതു വഴി സേനയുടെ പ്രവർത്തനത്തിൽ ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട്. ഒരു അടിച്ചമർത്തൽ ഉപകരണം എന്ന നിലയിലുള്ള കൊളോ ണിയൽ വിശ്വാസത്തിൽ നിന്നും പോലീസ് സേനയുടെ പ്രവർത്തനങ്ങളെ ഒരു സമ്പൂർണ്ണ കർമ്മമേഖലയാക്കി മാറ്റണമെന്ന ഉറച്ച ലക്ഷ്യത്തോടെ പോലീസ് സേനയുടെ പരിശീലന പരിപാടിയിൽ കാതലായ മാറ്റം വരുത്തിക്കൊണ്ട് മനുഷ്യാവകാശങ്ങൾ അങ്ങേയറ്റം ഹനിക്കുന്ന മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു പോലീസ് സേനയാണ് സർക്കാ രിന്റെ ലക്ഷ്യം.

**31 (655) പോലീസ് സ്റ്റേഷനുകളിൽ എട്ട് മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം**

ശ്രീ. പി. രാഘവൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എളമരം കരീം :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം ഏതെല്ലാം തസ്തികയിലാണ് ബാധകമാക്കിയിട്ടുള്ളതെന്ന് വെളി പ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എട്ട് മണി ക്കൂർ ഷിഫ്റ്റ് സമ്പ്രദായം ഏതെങ്കിലും തസ്തികകൾക്ക് ബാധകമാക്കിയി ട്ടുണ്ടോ;

(സി) എങ്കിൽ ഏതു തസ്തികയ്ക്ക് എന്ന് വെളിപ്പെടുത്തുമോ;

(ഡി) എട്ടു മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം സംസ്ഥാനത്ത് ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടു ത്തുമോ;

(ഇ) എട്ടു മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം സംസ്ഥാനത്ത് ഇതര പോലീസ് സ്റ്റേഷനുകളിലേക്ക് നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര പോലീസ് സ്റ്റേഷനുകളിലേക്ക് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) എട്ടു മണിക്കൂർ ഷിഫ്റ്റ് സമ്പ്രദായം വ്യാപിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്തെന്ന് വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടു ത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ എച്ച്.സി/പി.സി. തസ്തികയിലുള്ളവർക്കാണ് 8 മണിക്കൂർ ജോലി സമ്പ്രദായം പരീക്ഷണാർത്ഥം നടപ്പാക്കിയിട്ടുള്ളത്.

(ബി)&(സി) പരീക്ഷണാടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെ എച്ച്.സി/പി.സി. മാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം ഏർപ്പെടുത്തിയത് ഈ സർക്കാരാണ്.

(ഡി) 22 പോലീസ് സ്റ്റേഷനുകളിൽ.

(ഇ) ഉണ്ട്. 50 പോലീസ് സ്റ്റേഷനുകളിൽ കൂടി 1.7.99 മുതൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്)സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ 'ക്ഷേമകാര്യങ്ങൾ' നിർണ്ണയിക്കുന്നതിന് നിയോഗിക്കപ്പെട്ട എം.കെ. ജോസഫ് കമ്മിഷൻ പോലീസ് സേനാംഗങ്ങൾക്ക് 8 മണിക്കൂർ ആയി ജോലി സമയം നിജപ്പെടുത്തണമെന്ന് ചെയ്ത ശുപാർശയുടെ അടിസ്ഥാനത്തിലും പോലീസ് അസോസിയേഷനുകളുടെ നിവേദന പ്രകാരവും മേഖലാ ഐ.ജി.മാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ ജോലി സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളത്.

(ജി) പോലീസുകാരുടെ ജോലിഭാരം 8 മണിക്കൂറായി നിജപ്പെടുത്തിയതിനെത്തുടർന്ന് ഒരു പരിധി വരെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്.

**32 (656) മാതൃകാ പോലീസ് സ്റ്റേഷനുകൾ**

ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മാതൃകാ പോലീസ് സ്റ്റേഷനുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ മാതൃകാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മാതൃകാ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളായി ഉയർത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly